**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് - എറണാകുളം രാജേന്ദ്ര മൈതാനത്ത് ലേസർ പ്രൊജക്ടർ സിസ്റ്റം സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 1430/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി: 01/06/2013.**

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 04-09-12, 05-03-13 തീയതികളിലെ ഇ3/6810/2012/ജി.സി.ഡി.എ നം. കത്തുകൾ

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം കത്തുകൾ പ്രകാരം അതോറിറ്റി വക എറണാകുളം രാജേന്ദ്ര മൈതാനത്ത് ഒരു ലേസർ പ്രൊജക്ടർ സിസ്റ്റം സ്ഥാപിക്കുന്നതിനും ആയത് 5 വർഷം പ്രവർത്തിപ്പിച്ച് പരിപാലിക്കുന്നതിനുമുള്ള ടേൺകീ പ്രൊജക്ടിന് അംഗീകാരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

2. ഇത്തരം ഒരു പ്രോജക്ട് കേരളത്തിൽ തന്നെ ആദ്യമായിട്ടാണെന്നും സാങ്കേതികാസ്വാദന രംഗത്ത് മുതൽ കൂട്ടാകുന്ന ഈ പദ്ധതി ടൂറിസ്റ്റുകളെ ആകർഷിച്ച് വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് സാമ്പത്തിക ലാഭവും കൂടാതെ രാജേന്ദ്ര മൈതാനത്ത് വെറുതെ കിടക്കുന്ന ഭാഗം ആദായകരമാക്കാൻ കഴിയുമെന്നും; പദ്ധതി ചെലവിന്റെ 30% വിശാല കൊച്ചി വികസന അതോറിറ്റി ഫണ്ടിൽ നിന്നും ബാക്കി 70% ബാങ്ക് ലോണായും സ്വരൂപിക്കാമെന്നും വിശാല കൊച്ചി വികസന അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം രാജേന്ദ്ര മൈതാനത്ത് 300 ലക്ഷം രൂപ ചെലവിൽ ലേസർ പ്രൊജക്ടർ സിസ്റ്റം സ്ഥാപിക്കുന്നതിനും, ആയത് 5 വർഷം ടേൺ കീ വ്യവസ്ഥയിൽ പ്രവർത്തിപ്പിച്ച് പരിപാലനം നടത്തുന്നതിന് ദേശീയ തലത്തിൽ ടെണ്ടർ വിളിച്ച് നടത്തുന്നതിന് സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായി വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**ഡോ. രാജൻ ഖൊബ്രാഗഡെ**
**സെക്രട്ടറി**

ചെയർമാൻ, വിശാല കൊച്ചി വികസന അതോറിറ്റി, എറണാകുളം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ
(വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (ദൃശ്യമാദ്ധ്യമങ്ങൾ വഴി പ്രചരണം നൽകുന്നതിനു വേണ്ടി)
പൊതുഭരണ (എസ്.സി) വകുപ്പ് (29-05-2013 ലെ ഇനം നം. 3658 പ്രകാരം)
ധനകാര്യവകുപ്പ് (14-11-2012 ലെ 95688/ഡെവ.3/2012/ധന പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**